(1)	(2)	(3)	(4)	(5)	(6)
4	കോട്ടയം	105.95	187.50	37.00	330.45
5	എറണാകുളം	333.60	269.30	235.70	638.60
6	തൃശ്ശൂർ	14.20	28.30	0	42.60
7	കോഴിക്കോട്	2.65	3.70	1.35	7.70
8	കണ്ണൂർ	57.10	41.00	38.00	138.10
9	കാസർഗോഡ്	133.40	90.90	82.70	307.00
	ആകെ	1513.45	1500.00	489.05	3502.50

(ഡി) പലിശരഹിത വായ്പയുടെ 1-ാം ഘട്ടം വായ്പ തുകയായ 5,000 രൂപ ഒരു വർഷം കൊണ്ട് പൂർണ്ണമായും അടച്ചു തീർക്കുന്ന 15000 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം 2-ാം ഘട്ടമായി വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. 1-ാം ഘട്ടം വായ്പ അടച്ചു തീർത്ത 15,000 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം 2-ാം ഘട്ടമായി വിതരണം ചെയ്തു കഴിഞ്ഞു. 1-ാം ഘട്ടം വായ്പ അടച്ചുതീർക്കുന്ന ബാക്കി ഗുണഭോക്താക്കൾക്ക് 3-ാം ഘട്ടമായി 10,000 രൂപ വീതം വിതരണം ചെയ്തുവരുന്നു.

(ഇ) ഇതു സംബന്ധിച്ച് ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

217 (1975) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത് സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടു കഴിയുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവരുടെ കടബാദ്ധ്യതയുടെ വ്യാപ്തി എത്രവരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ മത്സ്യത്തൊഴിലാളികൾ പ്രധാനമായും ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത് ;

(ഡി) കടക്കെണിയിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ പ്രസ്തുത ബാദ്ധ്യതയിൽ നിന്ന് മോചിപ്പിക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖാന്തരം അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 1,12,377 കുടുംബങ്ങളിൽ നിന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കടബാധ്യത തിട്ടപ്പെടുത്തി വരുന്നു.

(സി) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസത്തിനായി അപേക്ഷ സമർപ്പിച്ചവർ, മത്സ്യത്തൊഴിലാളി വികസന-ക്ഷേമ സഹകരണ സംഘങ്ങൾ, മത്സ്യഫെഡ്, സഹകരണ ബാങ്കുകൾ, ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, ഉത്തമർണ്ണൻമാർ തുടങ്ങിയ ഇടങ്ങളിൽ നിന്നെല്ലാം വായ്പ എടുത്തതായാണ് വെളിപ്പെട്ടിട്ടുള്ളത്.

(ഡി) കടാശ്വാസത്തിനായി അപേക്ഷ സമർപ്പിച്ച മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുന്നതിനായി സർക്കാർ 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കുകയും കമ്മീഷൻ സമർപ്പിച്ച മൂന്ന് ശിപാർശാ റിപ്പോർട്ടുകൾ പരിഗണിച്ച് കടാശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി ഭവന നിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയ്ക്കായി എടുത്ത വായ്പകളിൽ 126.86 കോടി രൂപയും രണ്ടാം ഘട്ടമായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും എടുത്ത വായ്പകളിൽ 253.59 കോടി രൂപയും എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. 1,20,000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാവും.

കൃത്രിമപാർ പദ്ധതി

218 (1976) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതുദ്ദേശിച്ച് തിരുവനന്തപുരം ജില്ലയിലെ തീരദേശത്ത് നടപ്പാക്കിയ 'കൃത്രിമപാർ' പദ്ധതി കൊണ്ടുണ്ടായ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ :

LIBRARY ARCHIVES Kerala Legislative Assembly